LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിലവിലുള്ള ആധാരത്തിൽ വഴി പറഞ്ഞിട്ടില്ലാത്തതിനാൽ പരമ്പരാഗതമായി കൈമാറി വന്ന വസ്തുവിലേക്കുള്ള വഴി തടസ്സപ്പെടുന്ന പരാതി സിവിൽ സ്വഭാവമുള്ള വിഷയമാകയാൽ ബന്ധപ്പെട്ട സിവിൽ കോടതി മുഖേന പ്രശ്നം പരിഹരിക്കുവാനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

(ബി) ഉണ്ട്. തിരുവനന്തപുരം ജില്ലയിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇത്തരത്തിൽ വഴി തടസ്സം സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ പ്രാഥമിക അന്വേഷണം നടത്തി സർക്കാർ ഭൂമിയിലുൾപ്പെട്ടതാണെങ്കിൽ അനധികൃത കയ്യേറ്റത്തിനെതിരെ ഭൂസംരക്ഷണ നിയമപ്രകാരം നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട അഡീഷണൽ തഹസീൽദാർക്ക് നിർദ്ദേശം നൽകുകയും സ്വകാര്യ വസ്തുവിലുൾപ്പെട്ട പരാതികൾ സിവിൽ കോടതി മുഖേന പരിഹരിക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്യുന്നു. കോഡ് ഓഫ് ക്രിമിനൽ പ്രൊസീജിയർ 1973-ലെ സെക്ഷൻ 133 പ്രകാരം സബ്കളക്ടർ/ആർ.ഡി.ഒ. പൊതുവഴി തടസ്സം സംബന്ധിച്ച വിഷയങ്ങളിൽ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) നിലവിലുള്ള നിയമപ്രകാരം നിലവിൽ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

സർവേയർ ഗ്രേഡ് II റാങ്ക് ലിസ്റ്റ്

171(4802) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവേയർ ഗ്രേഡ് II തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ എത്ര ഒഴിവുകളാണ് നികത്താനുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) നിലവിലെ സർവേയർ ഗ്രേഡ് II റാങ്ക് ലിസ്റ്റിൽ നിന്നും പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 17 എൻ.ജെ.ഡി. ഒഴിവുകൾ. ജില്ല തിരിച്ചുള്ള ഒഴിവുകൾ ചുവടെ ചേർക്കുന്നു:

1.	കാസർഗോഡ്	-	13
2.	കോഴിക്കോട്	-	2
3.	വയനാട്	-	1
4.	ഇടുക്കി	-	1
	ആകെ	-	17

(സി) ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ലീഗൽ മെട്രോളജി വകുപ്പിലെ ജീവനക്കാരുടെ സ്ഥലംമാറ്റം

172(4803) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി വകുപ്പിലെ ജീവനക്കാരുടെ സ്ഥലംമാറ്റം സംബന്ധിച്ച് പ്രത്യേക മാനദണ്ഡം നിശ്ചയിച്ച് ഉത്തരവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ. അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) വകുപ്പിലെ ജീവനക്കാരുടെ സ്ഥലംമാറ്റം സംബന്ധിച്ച് വിജിലൻസ് എന്തെങ്കിലും നിർദ്ദേശങ്ങൾ/ശിപാർശകൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ; പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിൽ നിന്നും ഉത്തരവുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പും ലഭ്യമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) വകുപ്പിലെ ജീവനക്കാരുടെ സ്ഥലംമാറ്റം സംബന്ധിച്ച് വിജിലൻസ് സർക്കാരിലേക്ക് ശുപാർശകൾ നൽകിയിട്ടുണ്ട്. പ്രസ്തുത ശുപാർശകളുടെ അടിസ്ഥാനത്തിൽ സർക്കാർ ലീഗൽ മെട്രോളജി കൺട്രോളർക്ക് നിർദ്ദേശങ്ങൾ [illegible]ിട്ടുണ്ട്. ടി കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly